**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5184** **21-07-2022 - ൽ മറുപടിയ്ക്ക്**

**റബ്ബർ (പ്രമോഷൻ ആൻഡ് ഡവലപ്മെന്റ്) ബിൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ജി സ്റ്റീഫൻ** | | **ശ്രീ. പി. പ്രസാദ്**<br>**(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | കേന്ദ്രസർക്കാരിന്റെ 2022-ലെ റബ്ബർ (പ്രമോഷൻ ആൻഡ് ഡവലപ്മെന്റ്) ബിൽ നടപ്പിലാക്കിയാൽ അത് റബ്ബർ കാർഷികരംഗത്തെ അനതിവിദൂരഭാവിയിൽ പ്രതിസന്ധിയിലേക്ക് കടത്തിവിടുമെന്ന ആശങ്ക കേരളത്തിൽ നിലനിൽക്കുന്നുണ്ടോ; വ്യക്തമാക്കാമോ; | (എ) | കേന്ദ്രസർക്കാരിന്റെ 2022-ലെ റബ്ബർ (പ്രമോഷൻ ആൻഡ് ഡവലപ്മെന്റ്) ബില്ലിലെ നിർദ്ദേശങ്ങളിന്മേൽ കേരള സർക്കാരിന്റെ വ്യക്തമായ അഭിപ്രായം കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്. കരട് നിയമത്തിൽ കേരളത്തിലെ കർഷകരെ പ്രതികൂലമായി ബാധിക്കുന്ന കാര്യങ്ങളിൽ കേരളത്തിന്റെ ആശങ്ക കേന്ദ്രസർക്കാരിനെ അറിയിച്ചതിനോടൊപ്പം റബ്ബർ മേഖലയിലെ കർഷകർക്ക് കൂടുതൽ പ്രോത്സാഹനവും പ്രാധാന്യവും നൽകുന്ന വ്യവസ്ഥ കളായിരിക്കണം നിയമത്തിൽ ഉൾപ്പെടുത്തേണ്ടത് എന്നും അഭ്യർത്ഥിച്ചിട്ടുണ്ട്. പുതിയ ബില്ലിൽ പറഞ്ഞിരിക്കുന്ന റബ്ബർ പ്രൊമോഷൻ ആന്റ് ഡവലപ്പ്മെന്റ് ഫണ്ടിന്റെ 30% റബ്ബർ കൃഷിയുമായി ബന്ധപ്പെട്ട സബ്സിഡിയ്ക്കും ഇൻസന്റീവുകൾക്കും ആയി പ്രത്യേകമായി നീക്കിവയ്ക്കണം എന്നും ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ബി) | ഇത്തരത്തിൽ കർഷകർക്ക് പ്രതിലോമകരമായ നിർദ്ദേശങ്ങൾ ബില്ലിൽ നിന്നും ഒഴിവാക്കുന്നതിന് സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ? | (ബി) | കേന്ദ്രസർക്കാരിന്റെ 2022-ലെ റബ്ബർ (പ്രമോഷൻ ആൻഡ് ഡവലപ്മെന്റ്) ബില്ലിലെ നിർദ്ദേശങ്ങളിന്മേൽ കേരള സർക്കാരിന്റെ വ്യക്തമായ അഭിപ്രായം കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്. കരട് നിയമത്തിൽ കേരളത്തിലെ കർഷകരെ പ്രതികൂലമായി ബാധിക്കുന്ന കാര്യങ്ങളിൽ കേരളത്തിന്റെ ആശങ്ക കേന്ദ്രസർക്കാരിനെ അറിയിച്ചതിനോടൊപ്പം റബ്ബർ മേഖലയിലെ കർഷകർക്ക് കൂടുതൽ പ്രോത്സാഹനവും പ്രാധാന്യവും നൽകുന്ന വ്യവസ്ഥ കളായിരിക്കണം നിയമത്തിൽ ഉൾപ്പെടുത്തേണ്ടത് എന്നും അഭ്യർത്ഥിച്ചിട്ടുണ്ട്. പുതിയ ബില്ലിൽ പറഞ്ഞിരിക്കുന്ന റബ്ബർ പ്രൊമോഷൻ ആന്റ് ഡവലപ്പ്മെന്റ് ഫണ്ടിന്റെ 30% റബ്ബർ കൃഷിയുമായി ബന്ധപ്പെട്ട സബ്സിഡിയ്ക്കും ഇൻസന്റീവുകൾക്കും ആയി പ്രത്യേകമായി നീക്കിവയ്ക്കണം എന്നും ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ